# കേരള നിയമസഭ
# പാർലമെന്ററി പഠന പരിശീലന കേന്ദ്രം

## സ്റ്റുഡന്റ് പാർലമെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. സി.പി.എസ്.ടി സംഘടിപ്പിക്കുന്ന സ്റ്റുഡന്റ് പാർലമെന്റിൽ പങ്കെടുക്കുവാൻ അപേക്ഷിച്ച വിദ്യാർത്ഥികൾക്കുള്ള ഒന്നാംഘട്ട പരിശീലന പരിപാടി 2016 ഡിസംബർ 27-ന് (ചൊവ്വാഴ്ച) തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിലും 2016 ഡിസംബർ 30-ന് (വെള്ളിയാഴ്ച) കോഴിക്കോട്, മീഞ്ചന്ത, ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിലും രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 മണി വരെ സംഘടിപ്പിക്കുന്നതാണ്.

2. അപേക്ഷകർക്ക് സൗകര്യപ്രദമായ ഏതെങ്കിലും ഒരു കേന്ദ്രത്തിൽ പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

3. ഒന്നാംഘട്ട പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവരിൽനിന്നുമാണ് സ്റ്റുഡന്റ് പാർലമെന്റിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്. ആയതിനാൽ സ്റ്റുഡന്റ് പാർലമെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള എല്ലാ വിദ്യാർത്ഥികളും പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. പ്രതിനിധികളുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച് സി.പി.എസ്.ടി-യുടെ തീരുമാനം അന്തിമമായിരിക്കും.

4. ഒന്നാംഘട്ട പരിശീലന പരിപാടിയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായി 2017 ജനുവരി 9/10 തീയതികളിൽ തിരുവനന്തപുരം, നിയമസഭാ സമുച്ചയത്തിൽ വച്ച് ഒരു പ്രായോഗിക പരിശീലന പരിപാടി കൂടി സംഘടിപ്പിക്കുന്നതാണ്.

5. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുമുള്ള തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൈവശം കരുതേണ്ടതും ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

6. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത/താമസസൗകര്യം മുതലായവ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നൽകുന്നതല്ല.

7. ഒന്നാംഘട്ട പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, അവർ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന കേന്ദ്രത്തിന്റെ വിവരം സഹിതം അക്കാര്യം താഴെക്കാണുന്ന ഫോൺ നമ്പറുകളിലോ, ഇ-മെയിലിലോ 24.12.2016-നകം അറിയിക്കേണ്ടതാണ്.


Centre for Parliamentary Studies and Training (CPST),
Room No. 739, Assembly Building, Legislature Complex,
Vikas Bhavan P.O., Thiruvananthapuram - 695033.
Phone : 0471 2512585, 2512638
E-mail : cpst@niyamasabha.org
Fax : 0471 2512375